# നിലവിടുന്ന നിലയങ്ങൾ

"ഹലോ ആരാ?"
"ഇത് ഞാനാ."
"വിളിക്കുന്ന ആൾക്ക് പേരില്ലേ?"
"പൊറത്താ."
"ഹലോ, കേൾക്കുന്നില്ലേ?"
"കംപ്യൂട്ടറിനാ."
"കംപ്യൂട്ടറിനാണോ പഠിക്കുന്നത്?"
"ബസ്സിലാ."
"ഹലോ, കേൾക്കുന്നില്ലേ?"
"പട്ടിയുടെ കൂടെയാ."
"പട്ടിയോ?"
"എന്നാൽ ഞാൻ വെക്കട്ടെ." (യുവതി ഫോൺ കട്ട് ചെയ്യുന്നു.)
"അയ്യോ, കട്ടാക്ക്യോ? എന്നാലും കളി എന്നോട് വേണ്ടായിരുന്നു. ഏതായാലും ഒരടി പൊളി പാട്ട് വെച്ചുകൊടുത്തേക്കാം."

കേരളത്തിലെ ഒരു *FM* റേഡിയോനിലയത്തിൽനിന്ന് കേട്ട സംഭാഷണം.

മനുഷ്യർ പ്രക്ഷേപണ നിലയങ്ങളാണെന്ന് വിലയിരുത്തിയത് പ്രശസ്ത ചിന്തകനായ ഗസ്സാലി. ആ വിലയിരുത്തൽ തെറ്റിയിട്ടില്ല.

വിഷയം മറ്റൊന്നുമല്ല. കേരളത്തിൽ ഇപ്പോൾ നിലവിലുള്ള 17 റേഡിയോ നിലയങ്ങളിൽ ഭൂരിഭാഗവും (*നമുക്കവയെ FM എന്ന് പറയാം.*) മലയാളിയെ പാട്ട് കേൾപ്പിച്ചു ഇതികർത്തവ്യതാമൂഢരാക്കുകയാണ്. സാരമില്ല, നമുക്ക് നേരത്തെ തന്നെ പ്രതികരണശേഷി നഷ്ടപ്പെട്ടിട്ടുണ്ടല്ലോ.

മൊബൈലിലേക്ക് കൂപ്പുകുത്തിയ കേരളത്തിൻെറ ചെവിയിൽ ഇപ്പോൾ എഫ്.എം. റേഡിയോ കൂടിയായി. ജോലിക്കാരെന്നോ വിദ്യാർഥികളെന്നോ ഉദ്യോഗസ്ഥരെന്നോ വ്യത്യാസമില്ലാതെ അതിൻെറ അപശബ്ദവട്ടത്തിലാണ് എല്ലാവരും.

ഇവിടെയാണ് നേരത്തെ ഉദ്ധരിച്ച ചിന്തകൻെറ വാക്കുകൾ ഒരിക്കൽ കൂടി ഓർത്തുപോകുന്നത്. മനുഷ്യനെ അവൻെറ കർമങ്ങളിൽനിന്ന് തെറ്റിച്ചും ദൈവത്തിൽനിന്ന് അകറ്റിയും ധാർമികമൂല്യങ്ങളിൽനിന്ന് ഭ്രംശത്തിലാക്കിയും മനുഷ്യനെ നശിപ്പിക്കുകയെന്നതാണ് പിശാചിൻെറ കുതന്ത്രം. ഈ കുതന്ത്രം അവൻ ലോകത്ത് നടപ്പാക്കുന്നത് നേരിട്ടുള്ള ഇടപെടലിലൂടെയല്ല, മനുഷ്യർ മുഖേനയാണ്. ആ ഇടപെടൽ തന്ത്രങ്ങൾ പല പരിപാടികളിലൂടെയുമാകാം. മനുഷ്യരെയാണവൻ അതിനുള്ള നിലയങ്ങളായി പിടികൂടിയത്.

എല്ലാ സദാചാരങ്ങളെയും കാറ്റിൽ പറത്തിയാണ് മലയാളിയുടെ വീടുകളിൽ ചാനൽസീരിയലുകൾ പെയ്തിറങ്ങിയത്. അവയുടെ ആശയങ്ങളിലും ചിത്രങ്ങളിലുമൊക്കെ അകപ്പെട്ട നമ്മുടെ ചെറുപ്പക്കാർക്ക് എന്താണ് അവയിൽനിന്ന് ലഭിച്ചിട്ടുണ്ടാകുക? കുറേ വേണ്ടാത്തരങ്ങൾ.

അവയുടെ മൂകളിലാണ് ഇപ്പോൾ മേൽസൂചിപ്പിച്ച റേഡിയോ തരംഗങ്ങൾ കൂടി പ്രസരണം തുടങ്ങിയത്. കീശയിലും ചെവിയിലും തിരുകിക്കയറ്റിയ എഫ്.എം. റേഡിയോകളുമായി കഴിഞ്ഞുകൂടുന്ന ഭൂരിപക്ഷവും തങ്ങളുടെ ലക്ഷ്യങ്ങളിൽനിന്ന് അകറ്റപ്പെട്ടു എന്നതാണ് വാസ്തവം. ആൾക്കൂട്ടത്തിൽപോലും അന്യതാത്വം പണം കൊടുത്ത് വാങ്ങുന്ന അവർ എല്ലാറ്റിൽനിന്നും ഒറ്റപ്പെടുകയാണ്. നിഷ്ക്രിയത്വം അവനെ കീഴടക്കി. പഠിക്കാൻ വിദ്യാർഥികൾക്കുമില്ല നേരം. ഇതാണ് കേരളത്തിൽ പുതിയ നിലയങ്ങൾ വരുത്തിവെച്ച വിന. പേരിനു മാത്രമുള്ള അവയുടെ ഉപകാരം വിസ്മരിക്കുന്നില്ല.

വളിപ്പൻ ഡയലോഗുകളുമായി ഈ നിലയങ്ങൾ പുറത്തുവിടുന്ന പാട്ടുകളാകട്ടെ സദാചാരം മുറുകെ പിടിക്കുന്ന കുടുംബത്തിന് ഒന്നിച്ചു കേൾക്കാൻ പറ്റാത്ത തരത്തിലുള്ള അസംസ്കൃത സാധനങ്ങളും. സാംസ്കാരികമായി തകരുന്ന കേരളത്തിന് ഒരു തള്ളു കൂടി കിട്ടിയെന്നു മാത്രമേ ഇവ കൊണ്ടുണ്ടായ മെച്ചം. നമ്മുടെ കുഞ്ഞുങ്ങൾക്ക് ഈ തിരിച്ചറിവ് നല്കിയില്ലെങ്കിൽ നഷ്ടപ്പെടുന്നത് അവരുടെ ഭാവിയായിരിക്കും.